# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെഎസ്എ-കെടിഎം.പി15/780/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

നമ്പർ: നം.കെഎസ്എ-കെടിഎം.പി15/780/2020 തീയ്യതി: 17/12/2021

## കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-1 |
| 2 | ഫണ്ട് വിനിയോഗം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-2 |
| 3 | പദ്ധതിയവലോകനം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-3 |
| 4 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-4 |
| 5 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-6 |
| 7 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-7 |
| 8 | ഇ ടെണ്ടർ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-8 |
| 9 | ജി.എസ്.റ്റി. തുക എച്ച്.എം.സി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-9 |
| 10 | വാട്ടർ ചാർജ്ജ്-ഫൈൻ ഈടാക്കിയത് ക്രമപ്രകാരമല്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-10 |
| 11 | താരിഫ് ക്രമീകരിക്കാത്തതിനാൽ അധികച്ചെലവ്<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-11 |
| 12 | മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി - ചെലവ് നിരാകരിക്കുന്നു<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-12 |
| 13 | വട്ടുകുന്നപ്പുഴ എസ്.സി ആധുനികശ്മശാനനിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-13 |
| 14 | തൊഴിലുറപ്പ് പദ്ധതി - സിമന്റ് ഇഷ്ടിക യൂണിറ്റിന് വർക്ക് ഷെഡ് - പ്രവർത്തനക്ഷമമല്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-14 |
| 15 | വയോമിത്രം-തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-15 |
| 16 | സാംസ്കാരിക നിലയങ്ങൾക്ക് ഫർണീച്ചർ വിതരണം - അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-16 |

| | | |
|---|---|---|
| 17 | സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവ<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: Sumesh P V (Asst. Audit Officer, On 09-12-2021) | 1-18 |
| | ഭാഗം **2** | |
| 1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 2-1 |
| | ഭാഗം **3** | |
| 1 | വാട്ടർ ചാർജ്ജ്-ഫൈൻ ഈടാക്കിയത് ക്രമപ്രകാരമല്ല.<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 3-1 |
| 2 | മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി സബ്സിഡി നൽകി - ചെലവ് നിരാകരിക്കുന്നു<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: S Shyju (Senior Deputy Director, On 17-12-2021) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sumesh P V (Asst. Audit Officer)<br>Last Updated By: () | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 11-02-2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പിന്നീട് 24.3.2020-ൽ പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് | യഥാർത്ഥം |
|---|---|---|---|
| മുന്നിരിപ്പ് | 304853.80 | 4404620 | 8322174 |
| വരവ് | 257347174 | 85893389 | 43595157 |
| ആകെ | 257652027.80 | 90298009 | 51917331 |
| ചെലവ് | 256921809.74 | 89794157 | 46842754 |
| നീക്കിയിരിപ്പ് | 730218.01 | 503852 | 5074577 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥമായ ധനസ്ഥിതി വിലയിരുത്തിയും അല്ല ബജറ്റ് തയ്യാറാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിനു ബാധകമായ ചട്ടങ്ങൾ പാലിക്കേണ്ടതും യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് (എ.സി.ആർ. പ്രകാരം) | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 33182000 | 33182000 | 22197737 | 10984263 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14611000 | 14611000 | 6274726 | 8336274 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 290000 | 290000 | 290000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4339000 | 4339000 | 1797162 | 2541838 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2953283 | 11250427 | 14203710 | 11336912 | 2866798 (നീക്കിയിരിപ്പ്) |

## 1-3 പദ്ധതിയവലോകനം

വാർഷികപദ്ധതി

2019-20 പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതി പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം താഴെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 15.10.18,23.10.18 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം | 2.10.18,23.10.18 |
| ബ്ലോക്ക് ഗ്രാമസഭ | 7.11.18 |
| വികസനസെമിനാർ | 21.11.18 |

വാർഷികപദ്ധതിയുടെ അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 20-12-2018ലെ 2707/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 81715842/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 99 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ ഉൾപ്പെടെ 55പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആയതിന് വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ ചെലവ് 31305157/- രൂപ മാത്രമാണ്. പദ്ധതിച്ചെലവ് 38.3 ശതമാനം മാത്രം.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

2019-20 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യാഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 4 | 3 | 2712599 | 1798449 | 66.29 |
| സെക്രട്ടറി | 21 | 16 | 26087809 | 13699999 | 52.5 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 125000 | 101192 | 80.9 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 7 | 7 | 2068020 | 1897855 | 91.7 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 1967841 | 1967238 | 99.9 |
| അസി.ഡയറക്ടർ, കൃഷി | 1 | 1 | 1000000 | 236000 | 23.6 |
| ക്ഷീരവികസന ഓഫീസർ | 3 | 2 | 2051320 | 1231320 | 60 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 2690000 | 350000 | 13 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 | 1 | 11590481 | 290481 | 2.5 |
| അസി.എഞ്ചിനീയർ | 57 | 21 | 31422772 | 9732623 | 30.9 |
| ആകെ | 99 | 55 | 81715842 | 31305157 | 38.3 |

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രക്രിയയിൽ സക്രിയമായി ഇടപെട്ടതായി മിനിറ്റ്സുകളിൽ നിന്ന് ബോദ്ധ്യമാകുന്നു. എന്നാൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ

മോണിറ്ററിംഗ് യൂണിറ്റുകളായി പ്രവർത്തിക്കുന്നില്ല. ഓരോ പ്രോജക്ടുകളുടെയും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ സജീവമായി നിലകൊള്ളേണ്ടതുമാണ്. തൻവർഷം ഊരുക്കൂട്ടയോഗം ചേർന്ന് വാർഷികപദ്ധതി ആസൂത്രണം ചെയ്തതായി കാണുന്നില്ല.

2.18 കോടി രൂപയുടെ വാർഷികപദ്ധതി വിഹിതം നഷ്ടമായി

പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനാൽ പ്രോജക്ടുകൾ പൂർത്തിയാക്കാൻ താമസിക്കുകയും ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കാൻ വൈകുകയും സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിൽ നൽകിയ ബില്ലുകൾ പാസാകാതെ വരികയും ചെയ്തതിനാൽ 2.18 കോടി രൂപയുടെ പദ്ധതിവിഹിതത്തുക ചെലവഴിക്കാനാകാതെ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | സർക്കാർ അനുവദിച്ച തുക | ബ്ലോക്ക്പഞ്ചായത്ത് ചെലവഴിച്ച തുക | ചെലവ് ശതമാനം | ചെലവഴിക്കാതെ നഷ്ടമായ തുക |
|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 33182000 | 22197737 | 66.8 | 10984263 |
| എസ്.സി.പി | 14611000 | 6274726 | 42.9 | 8336274 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 4339000 | 1797162 | 41.4 | 2541838 |
| ആകെ | | | | 21862375 |

മേൽ തുകകളിൽ 64,51,110/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ ക്യൂ ബില്ലുകളായിരുന്നു. ആയത് 2020-21 വർഷത്തെ ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. ഫലത്തിൽ 15411265/- രൂപ (21862375-6451110) പൂർണ്ണമായും ലാപ്സായി. 6451110/- രൂപ അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നും ചെലവഴിക്കേണ്ടിയും വന്നു.

പദ്ധതി ആസൂത്രണ/രൂപീകരണ പ്രവർത്തനങ്ങളിലെ സമയക്ലിപ്തത നിർവ്വഹണ നടപടിക്രമങ്ങളിലും പാലിക്കേണ്ടതും വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കേണ്ടതുമാണ്.

വാർഷിക പദ്ധതി നേട്ടങ്ങൾ

1) പട്ടികവർഗ്ഗ വിഭാഗത്തിനായി ലഭ്യമായ അലോട്ട്മെന്റ് പൂർണ്ണമായും ചെലവഴിച്ചു.

2) ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് സ്കൂട്ടർ, മഹിളാമന്ദിരത്തിന് റിക്രിയേഷൻ ക്ലബ്ബ്, സി. എച്ച്.സി.കളിലേക്ക് ഇൻസിനറേറ്റർ, മരുന്ന് വാങ്ങൽ, വയോജനങ്ങൾക്ക് കട്ടിൽ, വനിതകൾക്ക് ഓട്ടോ തുടങ്ങി സേവനമേഖലയിൽ വൈവിദ്ധ്യങ്ങളാർന്ന പ്രോജക്ടുകൾ നടപ്പാക്കി.

വാർഷിക പദ്ധതി കോട്ടങ്ങൾ

1) വിവിധ സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ 2,18,62,375/- രൂപ നഷ്ടമായി.

2) റോഡിതര സംരക്ഷണഗ്രാന്റിന്റെ ചെലവ് 41 ശതമാനത്തിലൊതുങ്ങി.

3) അസി. എഞ്ചിനീയർക്ക് 57 പ്രോജക്ടുകളുണ്ടായിരുന്നതിൽ 36 എണ്ണം നടപ്പാക്കിയില്ല.

4) ആകെ പദ്ധതിയടങ്കലിന്റെ 38 ശതമാനം മാത്രമേ ചെലവഴിച്ചുള്ളൂ.

5) പൈക്കോ പദ്ധതിയിൽപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിൽ കളിസ്ഥലവികസനം എന്ന പ്രധാന പ്രോജക്ട് നടപ്പാക്കിയില്ല. വലിയ തുക ചെലവഴിച്ച ക്രിമറ്റോറിയം നിർമ്മാണം പാതിവഴിയിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാതെ അവസാനിപ്പിച്ചു.

6) 10 നിർവ്വഹണോദ്യോഗസ്ഥരുണ്ടായിരുന്നെങ്കിലും ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വ്യവസായ വികസന ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവയുടെ പദ്ധതി നിർവ്വഹണം ഓരോ പ്രോജക്ടിലൊതുങ്ങി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ ചെലവ് 2.5 ശതമാനം മാത്രമാണ്.

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും സെക്ഷനുകൾ ചെയ്യുന്ന ജോലികൾ മേൽനിരീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. പ്രോജക്ടുകളുടെ നിർവ്വഹണം അതാത് സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ മോണിട്ടർ ചെയ്യുന്നില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.07.2020-ൽ 2.20 പി.എം.-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 15.07.2019 വരെ | 01.04.2018 മുതൽ 31.03.2019 വരെ | 02.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018 മുതൽ 21.03.2018 വരെ | 2013-14 മുതൽ 2017-18 വരെ | 10.05.2018 |

## 1-7 വാർഷികകണക്കുകളുടെ അവലോകനം

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.7.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി ബാദ്ധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

2)തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.

3) സർക്കാർ ഇതര ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ, അവയുടെ ചെലവ് (RP 31 പ്രകാരം),നീക്കിയിരിപ്പ് (B4 പ്രകാരം) തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

4) IAY ബാങ്ക് വായ്പായിനത്തിൽ തിരിച്ചടക്കുവാൻ അവശേഷിച്ചിരുന്ന 1000000/- രൂപ 2019-20 വർഷം തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക B-5 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

5) ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി 7 ഷെഡ്യൂളിൽ കോൺട്രാക്ടേഴ്സ് റിട്ടൻഷൻ, റെന്റ് ഡെപ്പോസിറ്റ് എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

6) RP36 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-8 ഇ ടെണ്ടർ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില (18% ജി.എസ്.റ്റി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 132/20 | മുളക്കളം സൗത്ത് പാടശേഖരം ആഴം കൂട്ടൽ | 2 | 952 | 1904 |

| | | | | | |
|---|---|---|---|---|---|
| 2 | 131/20 | ഇറുമ്പയം പോസ്റ്റ് ഓഫീസ് ബണ്ട് റോഡ് | 1 | 891 | 891 |
| 3 | 130/20 | കൊച്ചുവീട്ടിൽ തോട് ചെക്ക് ഡാം | 2 | 892 | 1784 |
| 4 | 66/20 | തലയോലപ്പറമ്പ് സി.എച്ച്.സി ചുറ്റുമതിൽ | 2 | 1820 | 3640 |
| 5 | 45/20 | ശവക്കോട്ടപ്പാലം സൈഡ് കെട്ട് | 1 | 894 | 894 |
| 6 | 70/20 | അറുന്നൂറ്റിമംഗലം സി.എച്ച്.സി അറ്റകുറ്റപ്പണി. | 2 | 1600 | 3200 |
| 7 | 42/20 | ഇടയാട്ട് കലുങ്ക് നിർമ്മാണം | 2 | 900 | 1800 |
| 8 | 125/20 | ഡി.ഇ.ഒ. ഓഫീസ് അറ്റകുറ്റപ്പണി | 2 | 682 | 1364 |
| 9 | 69/20 | സി.ഡി.പി.ഒ. ഓഫീസ് അറ്റകുറ്റപ്പണി | 2 | 760 | 1520 |
| 10 | 62/20 | ഷീ ടോയ്‌ലെറ്റ് വെള്ളൂർ മടത്തേടം | 2 | 1140 | 2280 |
| 11 | 61/20 | പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | 2 | 900 | 1800 |
| 12 | 56/20 | മാന്നാർ തെക്കുംഭാഗം പാടശേഖരം ആഴംകൂട്ടൽ | 3 | 952 | 2856 |
| 13 | 35/20 | ഷീ ടോയ്‌ലെറ്റ് സി.ഡി.പി.ഒ ഓഫീസ് | 2 | 1134 | 2268 |
| 14 | 51/20 | മുല്ലമംഗലം റോഡ് ടാറിംഗ് | 2 | 894 | 1788 |
| 15 | 53/20 | എക്കമ്മ പാടശേഖരം ബണ്ട് ബലപ്പെടുത്തൽ | 4 | 894 | 3576 |
| 16 | 58/20 | വെല്ലാശ്ശേരി പൂമക്കരി റോഡ് സംരക്ഷണം | 2 | 894 | 1788 |
| 17 | 48/20 | കാളത്തോട് ബണ്ട് നിർമ്മാണം | 5 | 894 | 4470 |
| 18 | 38/20 | ഇടയാട്ട് പാടശേഖരം ആഴംകൂട്ടൽ | 6 | 894 | 5364 |
| 19 | 81/20 | കല്ലുമട കാരിക്കോട് ഒളമടം റോഡ് | 3 | 894 | 2682 |
| | | ആകെ | | 18881 | 45869 |

മേൽ സൂചിപ്പിച്ച തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ജി.എസ്.റ്റി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തിൽ തിരികെ അടയ്ക്കേണ്ടതുമാണ്.

## 1-9 ജി.എസ്.റ്റി. തുക എച്ച്.എം.സി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പഞ്ചായത്ത് കമ്മിറ്റിയുടെ 06.9.19 ലെ 4-ാം നമ്പർ തീരുമാനപ്രകാരം അറുന്നൂറ്റിമംഗലം സി.എച്ച്.സി.യിലെ മരങ്ങൾ മുറിച്ചതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ശ്രീ ജോൺ എം.സി., മുകളേൽ എന്നയാൾക്ക് (66000+ GST)ലേലം ഉറപ്പിച്ച് നൽകി. ടിയാൻ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും ജി .എസ്.റ്റി യും ഉൾപ്പെടെയുള്ള തുക സി.എച്ച്.സി അറുന്നൂറ്റിമംഗലത്തിൽ അടവാക്കി. ആയതിൽ ജി.എസ്.റ്റി. തുകയായ 12540/- രൂപ 15.10.19 മുതൽ എച്ച്.എം.സി. അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 10548552829 എസ്.ബി.ഐ. അറുന്നൂറ്റിമംഗലം) നിക്ഷേപിച്ചിരിക്കുകയാണ്. ജി.എസ്.റ്റി രജിസ്ട്രേഷനില്ലാത്തതിനാൽ ടി തുക അടവാക്കാൻ സാധിക്കുന്നില്ലെന്നാണ് മെഡിക്കൽ ഓഫീസർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിരിക്കുന്ന വിശദീകരണം ( കത്ത് നമ്പർ ബി2 212/ 2020 തീയതി 15.10.19). ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം ടി തുക അടിയന്തിരമായി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-10 വാട്ടർ ചാർജ്ജ്-ഫൈൻ ഈടാക്കിയത് ക്രമപ്രകാരമല്ല.

കല്ലറ മഹിളാ മന്ദിരത്തിന്റെ 04.01.2020 തീയതി വരെയുള്ള വാട്ടർ ചാർജ്ജിനത്തിൽ 5860/- രൂപ പിഴ ഉൾപ്പെടെ 68544/- രൂപ വാട്ടർ അതോറിറ്റി ക്ലെയിം ചെയ്തിട്ടുണ്ട് (വാട്ടർ അതോറിറ്റിയുടെ 04.01.2020 തീയതിയിലെ 56323556 നമ്പർ ബിൽ പ്രകാരം). കുടിശ്ശിക തുക രണ്ട് തവണയായി അടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21900524 | 10.0.2020 | 34272 |
| 2 | 21900550 | 21.01.2020 | 34272 |
| ആകെ | | | 68544 |

കുടിശ്ശിക വരുത്തിയതു മൂലമാണ് മേൽ സൂചിത ബില്ലിലെ 5860/- രൂപ ഫൈനായി അടവാക്കേണ്ടി വന്നത്. നാളിതു വരെ ബിൽ തുക അടവാക്കാതെ കുടിശ്ശിക വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫൈൻ ഇനത്തിൽ അടവാക്കിയ 5860/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-11 താരിഫ് ക്രമീകരിക്കാത്തതിനാൽ അധികച്ചെലവ്

ബ്ളോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കല്ലറ മഹിളാ മന്ദിരത്തിന്റെ താരിഫ് നോൺ കൺസ്യൂമർ വിഭാഗത്തിൽ പെടുന്നതിനാൽ വലിയ തുക വാട്ടർ ചാർജ് അടയ്ക്കേണ്ടി വരുന്നെന്നും ആയതിനാൽ താരിഫ് അടിയന്തിരമായി മാറ്റണമെന്നും 01.10.19ലെ ജനറൽ കമ്മറ്റിയിൽ തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നമ്പർ 5). 19.11.19 ലെ കമ്മറ്റിയും ഇതേ തീരുമാനം എടുത്തിട്ടുണ്ട് (അജണ്ട 3 തീരുമാനം 2). അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നമ്പർ 2/7.7.2020). 01.10.19 ലെ തീരുമാനപ്രകാരം 71093/- രൂപയുടെ കുടിശ്ശികയാണ് അടവാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയത്. ടി സ്ഥാപനം ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ഗാർഹിക വിഭാഗത്തിന്റെ താരിഫിൽ ഉൾപ്പെടുത്താനാവില്ലെന്ന് വാട്ടർ അതോറിറ്റി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് വിശദീകരണം ലഭിച്ചിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/07.07.2020) ലഭ്യമായ മറുപടി. നിലവിൽ വാട്ടർ ചാർജ് കുടിശ്ശിക അടയ്ക്കാനില്ലെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. അപാകതകൾ പരിഹരിച്ച് സ്ഥാപനം ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-12 മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി നൽകി - ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് - സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് (നമ്പർ- 29/19-20)

അടങ്കൽ – 1750000 (എസ്.സി.പി ഫണ്ട്)

ചെലവ് – 1750000 (എസ്.സി.പി ഫണ്ട്)

1. ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് തയ്യാറാക്കിയത് ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ്. 14/02/2018 ലെ സ.ഉ.(കൈ)നം.22/18/ ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15000/- രൂപ സ്കോളർഷിപ്പ് നൽകാവുന്നതാണ് (ബിരുദം/ബിരുദാനന്തര ബിരുദം/പോളിടെക്നിക് ഡിപ്ളോമ/മെഡിസിൻ/എഞ്ചിനീയറിംഗ് ഒഴികെ). എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖാ നിർദ്ദേശങ്ങളേക്കാൾ അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.

| ക്രമ നം. | പേര് | കോഴ്സ് | നൽകിയ തുക/ബിൽ നമ്പർ | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | അശ്വതി.പി.എസ് | ഡി.എഡ് | 20000 (ബിൽ നം 2/19-20 തീയതി 20.09.19, തുക 915000) | 15000 | 5000 |
| 2 | അനന്തു വിശ്വനാഥൻ | പി.ഡി.എസ്.എൽ | 20000 (ബിൽ നം 2/19-20 തീയതി 20.09.19, തുക 915000) | 15000 | 5000 |
| ആകെ | | | | | 10000/- |

ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ ധനസഹായം നൽകിയത് പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമാണ്. ആയതിനാൽ അധികമായി നൽകിയ 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2. ഒരേ ഗുണഭോക്താവിന് രണ്ടു തവണ ധനസഹായം നൽകി

ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥിനിയായ അശ്വതി സജീവ് എന്ന ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം 2019-20 സാമ്പത്തിക വർഷം സ്കോളർഷിപ്പിന് അർഹമായ ധനസഹായം 20000/- രൂപയാണ്. എന്നാൽ ടിയാരിക്ക് പ്രസ്തുത സാമ്പത്തിക വർഷം ബിൽ നം. 2/19-20 തീയതി 20.09.19പ്രകാരം 20000 രൂപയും, ബിൽ നം. 3/19-20 തീയതി 08.11.19 പ്രകാരം വീണ്ടും 20000/- രൂപയും (ആകെ 40000 രൂപ ) നൽകിയിട്ടുണ്ട്. ആയതിനാൽ 20000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/10.07.20) പ്രോജക്ട് നിർവ്വഹണത്തിനിടയിൽ പിശക് മൂലം അപാകത സംഭവിച്ച് പോയതാണെന്നും അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ അടയ്ക്കുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 വടുകുന്നപ്പുഴ എസ്.സി ആധുനികശ്മശാനനിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ-117/20

അടങ്കൽ-1023458

ചെലവ്-1023458

ബിൽ നമ്പർ -2/19-20 തീയതി 20.9.19

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

മുളക്കുളം ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടകുന്നപ്പുഴയിലുള്ള എസ്.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ശ്മശാനത്തെ ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയമായി ഉയർത്തുകയായിരുന്നു ബ്ളോക്ക് പഞ്ചായത്തിന്റെ ലക്ഷ്യം. 2017-18 വാർഷിക പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതം, ഗ്രാമ പഞ്ചായത്ത് വിഹിതം, ബ്ളോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അടങ്കലായി പ്രോജക്ട് രൂപീകരിച്ചിരുന്നു. എന്നാൽ ജില്ലാ കളക്ടറിൽ നിന്ന് NOC ലഭിക്കാതിരുന്നതിനാൽ പ്രോജക്ട് ഉപേക്ഷിച്ചു. പൊലൂഷൻ കൺട്രോളിൽ നിന്നും NOC ലഭിക്കാൻ 60024/- രൂപ അടവാക്കിയിരുന്നു. തൻ വർഷം പ്രസ്തുത ശ്മശാനത്തിന്റെ അടിസ്ഥാനസൗകര്യവികസനത്തിനായി ബ്ളോക്ക് പഞ്ചായത്ത് 10,23,458/- രൂപ ചെലവഴിച്ചു. കോമ്പൗണ്ട് വാൾ നിർമ്മിക്കുകയും ഗേറ്റ് സ്ഥാപിക്കുകയും ചെയ്തു. മൃതദേഹം സംസ്കാര ശുശ്രൂഷ നടത്തുന്ന ചെറിയ ഷെഡിന് ഗ്രിൽ ഇടുകയും ചെയ്തു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടി ശ്മശാനം ഗ്രാമപഞ്ചായത്തിന്റെയോ ബ്ളോക്ക് പഞ്ചായത്തിന്റെയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

2) മേൽ പ്രവൃത്തി നിർവ്വഹണത്തിന്റെ എം ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) 10.7.2020 ന് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ടി ശ്മശാനം പുല്ലുകൾ നിറഞ്ഞ് കാട് കയറിയ അവസ്ഥയിലാണെന്ന് കണ്ടു.

4) റണ്ണിംഗ് അക്കൗണ്ട് ബിൽ പ്രകാരം Dismantling And Stacking Of Useful Materials എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

5) നിലവിൽ NOC ആവശ്യമില്ലാത്തതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിലേക്ക് അടവാക്കിയ 60024/- രൂപ തിരികെ അടവാക്കാൻ സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം.ബി2697/18 തീയതി 01.01.19). എന്നാൽ തുക ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

6) ബഹു. ജില്ലാ കളക്ടർ എച്ച് 1/24710/2017 തീയതി 15.3.2017 കത്ത് പ്രകാരം നിർദ്ദേശിച്ച പത്രപരസ്യത്തിലൂടെയുള്ള വിജ്ഞാപനത്തിന് പൊതുജനങ്ങളിൽ നിന്ന് പരാതിയൊന്നും ലഭിച്ചില്ല എന്ന് സെക്രട്ടറി കളക്ടറെ അറിയിച്ചിരുന്നു (കത്ത് നമ്പർ ബി 2022/2018 തീയതി 17.9.18). പ്രദേശവാസികളുടെ ആശങ്ക പൂർണ്ണമായും പരിഹരിച്ചെന്നും പരാതികളില്ലെന്നും വീണ്ടും സെക്രട്ടറി കളക്ടറെ അറിയിച്ചു (കത്ത് നമ്പർ ബി 2022/2018 തീയതി 26.10.18). കളക്ടേറ്റിൽ നിന്നും ലഭ്യമായ മറുപടി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ശ്മശാനം ആധുനികരീതിയിലുള്ളതാക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചതെങ്കിലും നടപ്പാക്കാൻ സാധിച്ചില്ല. ഗ്യാസ് ഫർണ്ണസ് ഉൾപ്പെടെയുള്ള ആധുനികരീതിയിലുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. ആധുനിക ശ്മശാനം എന്ന പ്രഥമ പരിഗണന ഉപേക്ഷിക്കുവാനുള്ള കാരണം വ്യക്തമല്ല.

മേൽ സൂചിത അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/10.7.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഗ്രാമപഞ്ചായത്തിന്റെയോ ബ്ളോക്ക് പഞ്ചായത്തിന്റെയോ ആസ്തിയിൽ ടി സ്ഥലം ഉൾപ്പെടുന്നുണ്ടോയെന്ന് രേഖകൾ സമർപ്പിച്ച് ബോധിപ്പിക്കാൻ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചില്ല. ഒരു സമുദായ സംഘടനയുടെ കൈവശമുള്ള ഭൂമിയിൽ ഇപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ക്രമപ്രകാരമല്ല. ബഹു. കളക്ടറിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ ആധുനിക ശ്മശാനം എന്ന പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിക്കില്ല എന്ന് ഭരണസമിതിക്ക് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു. ഭീമമായ തുക ചെലവഴിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കാടുകയറി നശിക്കുന്ന അവസ്ഥയുണ്ടായത് അവശ്യാധിഷ്ഠിതമായി പ്രോജക്ട് രൂപീകരിക്കാത്തത് മൂലമാണ്. പ്രദേശവാസികളുടെ എതിർപ്പാണ് ടി പ്രോജക്ട് പൂർത്തിയാകുന്നതിന് വിഘാതമായതെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 10,23,458/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.







വടുകുന്നപ്പുഴ ക്രിമറ്റോറിയം കാടുകയറിയ നിലയിൽ

1-14 തൊഴിലുറപ്പ് പദ്ധതി - സിമന്റ് ഇഷ്ടിക യൂണിറ്റിന് വർക്ക് ഷെഡ് - പ്രവർത്തനക്ഷമമല്ല.

പ്രോജക്ട് നമ്പർ-98/2020

ചെലവ് - 319516/-

ബിൽ നമ്പർ - 2/19-20 തീയതി 17.4.19 - 169083/-

29/19-20 Dt 4.9.19 - 150433

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

തദ്ദേശ സ്വയംഭരണവകുപ്പിന്റെ സ.ഉ.(കൈ) നം. 137/2018/ തീയതി 24.9.18 പ്രകാരം ലൈഫ് മിഷൻ പദ്ധതിക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവനനിർമ്മാണസാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങാമെന്ന് പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മുളക്കുളം ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ വർക്ക് ഷെഡും വാട്ടർടാങ്കും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി സിജിമോൾ ജോർജ്, മേവെള്ളൂർ എന്നയാൾക്കാണ് ടെണ്ടർ ലഭിച്ചത്. 10.7.2020 ന് ടി സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. റോഡിൽ നിന്ന് വർക്ക് ഷെഡിലേക്ക് എത്താനാവാത്ത വിധം വെള്ളക്കെട്ട് നിറഞ്ഞ അവസ്ഥയിലാണ് ടി സ്ഥലം. പഴയ കുറച്ച് സിമന്റ് ഇഷ്ടികകൾ കൂട്ടിയിട്ടിരിക്കുന്നതൊഴിച്ചാൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും ടി ഷെഡിൽ നടക്കുന്നില്ല. ചെറിയ മഴയിൽ വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലത്ത് ഷെഡ് നിർമ്മിച്ചതിന്റെ കാരണം വ്യക്തമല്ല. ടി സ്ഥലം ഗ്രാമപഞ്ചായത്തിന്റേതാണെന്ന ബോധ്യപ്പെടുന്നതിന് ആസ്തി

രജിസ്റ്ററിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഷെഡിൽ മെഷിനറി സ്ഥാപിക്കുകയോ പ്രവർത്തനങ്ങൾ നടത്തുകയോ നിലവിൽ ചെയ്യുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/10.72020) മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 3,19,516/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.





പ്രവർത്തനരഹിതമായ വർക്ക്ഷെഡ്

## 1-15 വയോമിത്രം-തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം. | 19/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 3777580- വികസനഫണ്ട്<br>66093- തനത് ഫണ്ട് |
| ബിൽ നം. | 7/19-20/01.07.19- 2000000<br>10/19-20/11.07.19- 1175000<br>47/19-20/01.11.19- 325000<br>60/19-20/21.01.20- 277580 |

65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 37,77,580/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നനിലയിൽ 2019-20 വർഷം സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. ആകെ 1,13,04,000/- രൂപ വാർഷിക ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ട വിഹിതം 56,52,000/- രൂപയാണ് (50%). ആകെ 60 സെന്ററുകളുള്ള ടി പ്രോജക്ടിൽ അടുത്തടുത്തുള്ള 2 പഞ്ചായത്തുകളെ സംയോജിപ്പിച്ച് ഒരു യൂണിറ്റായി (ഒരു യൂണിറ്റിന് 20 സെന്റർ) ഓരോ യൂണിറ്റിനും ഒരു ഡോക്ടർ,ഒരു നേഴ്സ്,ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്ന നിലയിൽ പദ്ധതി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.06.19 ലെ പി11/474/18കെ.എസ്.എസ്.എം(3) നമ്പർ കത്തിൽ പദ്ധതി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഓഫീസ് കെട്ടിടം, സബ്സെന്ററുകൾക്ക് വേണ്ടിയുള്ള കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, ടെലഫോൺ, ഫ്രിഡ്ജ്, ഫർണിച്ചറുകൾ) എന്നിവ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തി നൽകണമെന്നും പദ്ധതിയിലേക്ക് ആവശ്യമായ മരുന്നുകൾ, ജീവനക്കാർ, വാഹനം, മറ്റ് ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് സൗകര്യങ്ങൾ എന്നിവ സാമൂഹ്യ സുരക്ഷാമിഷൻ വഹിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനായി കല്ലറ-കടുത്തുരുത്തി യൂണിറ്റിന്റെ ഓഫീസ് പ്രവർത്തനത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും

66093/- രൂപ ചെലവഴിച്ചതായും കാണുന്നു.

പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/09.07.2020) കോവിഡ്-19 മഹാമാരി മൂലം കല്ലറ-കടുത്തുരുത്തി യൂണിറ്റിന്റെ പ്രവർത്തനം മാത്രമേ ആരംഭിക്കുവാൻ സാധിച്ചിട്ടുള്ളുവെന്നും ഇപ്പോൾ യൂണിറ്റിൽ മരുന്ന് വിതരണം മാത്രമേ നടന്ന് വരുന്നുള്ളൂവെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലെ സാഹചര്യങ്ങൾ കൂടി പരിണിച്ച് പ്രസ്തുത വയോമിത്രം പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-16 സാസ്കാരിക നിലയങ്ങൾക്ക് ഫർണീച്ചർ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 13/20, സാംസ്കാരിക നിലയങ്ങൾക്ക് ഫർണീച്ചർ |
| ഫണ്ടിനം | എസ്.സി.പി |
| ചെലവ് | 1200000 |
| ബിൽ നം. | 39/19-20/11.10.19- 814013<br>40/19-20/11.10.19 - 385987 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റ ഭാഗമായി വെള്ളൂർ, മുളക്കുളം, ഞീഴൂർ, തലയോലപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ സാംസ്കാരിക നിലയങ്ങൾക്ക് Wooden Chair With Arm, Dais Table Five Seater എന്നിവ റബ്കോയിൽ നിന്ന് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത വാങ്ങലിന്റെ ഭാഗമായി ഫർണീച്ചറുകളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ ആകെ 1,24,358/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു. റബ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം Wooden Chair With Arm ഒന്നിന് 300 രൂപയും Dais Table Five Seater ഒന്നിന് 4035/- രൂപയുമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ വില നൽകിയിരുന്നത്. ഇത്രയും ഭീമമായ തുക ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഉപകരണങ്ങൾ പ്രാദേശികമായി ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിനുള്ള ശ്രമം ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. റബ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് അതേപടി അംഗീകരിച്ച് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. 01.07.2019 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഉപകരണങ്ങൾ റബ്കോയിൽ നിന്ന് വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. റബ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചതായോ വില സംബന്ധിച്ച് ചർച്ച നടത്തിയതായോ കാണുന്നില്ല. ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കാത്തതിനാലാണ് ഉയർന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ആയിരുന്നിട്ടും റബ്കോയിൽ നിന്ന് വാങ്ങൽ നടത്തിയതെന്ന് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. എങ്കിലും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ കൂടിയ തുക ഇപ്രകാരം ഈടാക്കുന്നത് മൂലം യഥാർത്ഥത്തിലുള്ള വിലക്കുറവ് ലഭിക്കാതെ പോകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. ആയതിനാൽ ഭാവിയിൽ വിവിധ വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാവേണ്ടതും അധിക ചെലവ് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 16/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, അറുനൂറ്റിമംഗലം |
| ചെലവ് | 6,00,000/- |
| ഫണ്ട് | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| വൗച്ചർ നം. | 21900403/06.11.19-3,00,000<br>21900404/06.11.19-3,00,000 |

അറുനൂറ്റിമംഗലം, കടുത്തുരുത്തി സി.എച്ച്.സി.കൾക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷന് 6,00,000/- രൂപ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. ഇതിൽ 4,64,426/- രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 1,35,574/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്. ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/07.07.2020) ലോക്ക്ഡൗൺ മൂലമാണ് മരുന്ന് സപ്ലൈ ചെയ്യുന്നതിൽ കാലതാമസം നേരിട്ടതെന്നും ഒരു മാസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കുന്നതാണെന്ന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് പൂർണ്ണമായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,35,574/-

രൂപ(600000- 464426)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവ

2019-20 വർഷം താഴെപറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | ഒടുക്കിയ തുക | തുക ഒടുക്കിയ ഏജൻസി | ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 04/20 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (ഞീഴൂർ, തലയോലപ്പറമ്പ്, കടുത്തുരുത്തി, കല്ലറ) | 1795000/- | കേരള വാട്ടർ അതോറിറ്റി | 30/19-20/ 05.09.19-900000<br>41/19-20/ 11.10.19-685000<br>44/19-20/ 22.10.19-210000 | വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 20/20 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ്.സി.പി.(മുളക്കുളം, തലയോലപ്പറമ്പ്, കടുത്തുരുത്തി) | 500000/- | കേരള വാട്ടർ അതോറിറ്റി | 31/19-20/ 05.09.19-115000<br>57/19-20/ 21.12.19-85000<br>65/19-20/ 26.02.20-30000 | |
| 14 | 11/20 ലൈഫ് ഭവനപദ്ധതി (ജനറൽ) | 1000000/- | വെള്ളൂർ ഗ്രാമ പഞ്ചായത്ത് | 19/19-20/ 19.08.19 | |
| | ആകെ | 3295000 | | | |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം, വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 32,95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] **വരവ്-**

## വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാട്ടർ ചാർജ്ജ്-ഫൈൻ ഈടാക്കിയത് ക്രമപ്രകാരമല്ല.

കല്ലറ മഹിളാ മന്ദിരത്തിന്റെ 04.01.2020 തീയതി വരെയുള്ള വാട്ടർ ചാർജ്ജിനത്തിൽ 5860 രൂപ പിഴ ഉൾപ്പെടെ 68544 രൂപ വാട്ടർ അതോറിറ്റി ക്ലെയിം ചെയ്തിട്ടുണ്ട്. (വാട്ടർ അതോറിറ്റിയുടെ 04.01.2020 തീയതിയിലെ 56323556 നമ്പർ ബിൽ പ്രകാരം). കുടിശ്ശിക തുക രണ്ട് തവണയായി അടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21900524 | 10.0.2020 | 34272 |
| 2 | 21900550 | 21.01.2020 | 34272 |
| ആകെ | | | 68544 |

കുടിശ്ശിക വരുത്തിയതു മൂലമാണ് മേൽ സൂചിത ബില്ലിലെ 5860/- രൂപ ഫൈനായി അടവാക്കേണ്ടി വന്നത്. നാളിതുവരെ ബിൽ തുക അടവാക്കാതെ കുടിശ്ശിക വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.07.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഫൈൻ ഇനത്തിൽ അടവാക്കിയ 5860 രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

### 3-2 മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി സബ്സിഡി നൽകി - ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് - സംസ്ഥാനത്തിന് അകത്തും പുറത്തും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് (നമ്പർ- 29/19-20)

അടങ്കൽ – 1750000 (എസ്.സി.പി ഫണ്ട്)

ചെലവ് – 1750000 (എസ്.സി.പി ഫണ്ട്)

1. മാർഗ്ഗ രേഖ പ്രകാരം അനുവദിച്ചിരിക്കുന്നതിനേക്കാൾ അധികമായി സബ്സിഡി നൽകി
   ജില്ല പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് തയ്യാറാക്കിയത് ഉന്നതവിദ്യാഭ്യാസ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ്. 14/02/2018 ലെ സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15000/- രൂപ സ്കോളർഷിപ്പ് നൽകാവുന്നതാണ് (ബിരുദം/ബിരുദാനന്തര ബിരുദം/പോളിടെക്നിക് ഡിപ്ലോമ/ മെഡിസിൻ/എഞ്ചിനീയറിംഗ് ഒഴികെ). എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖാ നിർദ്ദേശങ്ങളേക്കാൾ അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു.

| ക്രമ നം. | പേര് | കോഴ്സ് | നൽകിയ തുക/ബിൽ നമ്പർ | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അശ്വതിപി.എസ് | ഡി.എഡ് | 20000 ( ബിൽ നം 2/19-20 തീയതി 20.09.19,തുക 915000) | 15000 | 5000 |
| 2 | അനന്തു വിശ്വനാഥൻ | പി.ഡി.എസ്.എൽ | 20000 ( ബിൽ നം 2/19-20 തീയതി 20.09.19, തുക 915000) | 15000 | 5000 |
| ആകെ | | | | | 10000/- |

ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ബിരുദ വിദ്യാർത്ഥികളുടെ നിരക്കിൽ ധനസഹായം നൽകിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ അധികമായി നൽകിയ 10000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ പട്ടികജാതി വികസന ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2. ഒരേ ഗുണഭോക്താവിന് രണ്ടു തവണ ധനസഹായം നൽകി

ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനിയായ അശ്വതി സജീവ് എന്ന ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ പ്രകാരം 2019-20 സാമ്പത്തിക വർഷം അർഹമായ തുക 20000/- രൂപയാണ്. എന്നാൽ ടിയാരിക്ക് പ്രസ്തുത സാമ്പത്തിക വർഷം ബിൽ നം. 2/19-20 തീയതി 20.09.19, തുക 915000 പ്രകാരം 20000 രൂപയും ബിൽ നം 3/19-20 തീയതി 08.11.19, തുക 330000 പ്രകാരം വീണ്ടും 20000 രൂപയും (ആകെ 40000 രൂപ ) നൽകിയിട്ടുണ്ട്. ആയതിനാൽ 20000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/10.07.20) പ്രോജക്ട് നിർവ്വഹണത്തിനിടയിൽ പിശക് മൂലം അപാകത സംഭവിച്ച് പോയതാണെന്നും അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ അടയ്ക്കുന്നതിന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുക ഉത്തരവാദിയായ പട്ടികജാതി വികസന ഓഫീസറിൽ നിന്ന് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തുകകളൊന്നും ലഭിച്ചില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം

തൻവർഷം വിവിധ പ്രോജക്ടുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 4/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 1800000/ | 0 | 1800000/ |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 22/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 500000 | 0 | 500000 |

| | എസ്.സി.വിഭാഗം | | | |
|---|---|---|---|---|

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ് ഇല്ല. മുൻവർഷങ്ങളിൽ ഐ.എ.വൈ ഭവനപദ്ധതിക്കായി എടുത്ത വായ്പത്തുക ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായുള്ള തുക |
|---|---|---|---|---|---|
| എെ.എ.വൈ. ലോൺ | ജി.ഒ.(എം.എസ്) 90/13, ത.സ്വ.ഭ.വ 14.03.2013 | 2534500/ | 10,00,000/- | 10,00,000/- | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-3( 5-1) | റീ-ഇംബേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2003-04 | 3-2 | 2006-07 | 3-3(1-!) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ച | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |

## 4-8 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,19,17,331 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,68,42,754 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,860 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,73,548 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 5,860 | ശ്രീ.പി.ആർ.ഷിനോദ്, സെക്രട്ടറി |
| 3-2(1) | - | 10,000 | ശ്രീ.വി.ജി.ഗോപകുമാർ, പട്ടികജാതി വികസന ഓഫീസർ |
| 3-2(2) | - | 20,000 | ശ്രീ.വി.ജി.ഗോപകുമാർ, പട്ടികജാതി വികസന ഓഫീസർ |
| ആകെ | | 35,860 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,23,458 | ശ്രീമതി ലീന വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 3,19,516 | ശ്രീ.പി.ആർ.ഷിനോദ്, സെക്രട്ടറി |
| 1-17 | 1,35,574 | ഡോ.ബിജു ജോൺ, മെഡിക്കൽ ഓഫീസർ, അറുനൂറ്റിമംഗലം സി.എച്ച്.സി. |
| 1-18 | 32,95,000 | ശ്രീ.പി.ആർ.ഷിനോദ്, സെക്രട്ടറി |
| ആകെ | 47,73,548 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ആർ.ഷിനോദ്, സെക്രട്ടറി | സെക്രട്ടറി, കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | പൂവത്തിങ്കൽ പൂഴിക്കോൽ പി.ഒ. |
| ശ്രീ.വി.ജി.ഗോപകുമാർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | വെള്ളാപ്പള്ളിൽ കല്ലാർ പി.ഒ., മുണ്ടിയെരുമ, ഇടുക്കി പി.ഒ. -685552 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയതി 23.10.14 | 01 |
| 1998-99 | എൽ.എഫ്.കെ.പി1/955/02തീയതി 26.5.03 | 06 |
| 1999-00 | എൽ.എഫ്.കെ.പി1/380/01തീയതി 25.10.12 | 15 |
| 2000-01,01-02 പ്ലാൻ | എൽ.എഫ്.കെ.പി1/705/03തീയതി 12.4.04 | |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയതി 13.9.06/11.10.06 | |
| 2004-05 | എൽ.എഫ്.കെ.പി1/323/07തീയതി 25.10.12 | 08 |
| 2005-06 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(2)/18, 07.05.18 | |
| 2006-07 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(3)/18, 07.05.18 | |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയതി 11.6.13 | |
| 2008-09 | എൽ.എഫ്.കെ.പി9/209/11 തീയതി 17.6.13 | |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(4)/18, 07.05.18 | |
| 2010-11 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(5)/18, 07.05.18 | 10 |
| 2011-12 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(6)/18, 07.05.18 | 3 |

| | | |
|---|---|---|
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(8)/18, 07.05.18 | 2 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(9)/18, 07.05.18 | 3 |
| 2015-16 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(10)/18, 07.05.18 | 4 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-380/17, 13.03.18 | 4 |
| 2017-18 | കെഎസ്എ-കെടിഎം.പി.15-637/19, 13.06.19 | |
| 2018-19 | കെഎസ്എ-കെടിഎം.പി.15/305/2020/23.03.2020 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം ,കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.15/780 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി : 24.07.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം ,കോട്ടയം